**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 150** **02-02-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം നികത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം നികത്തുന്നതിന് പുതിയ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | തിരുവനന്തപുരം മുതൽ എല്ലാ ഡിപ്പോകളിലും ജനുവരി മാസം അവസാനത്തെ ആഴ്ച മുതൽ ഉന്നത ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ ഷെഡ്യൂളുകൾ പുനഃപരിശോധിച്ചും നഷ്ടത്തിലോടുന്ന ഷെഡ്യൂളുകളിൽ ഭേദഗതി വരുത്തിയും ഡീസൽ ഉപയോഗം കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി ഒരു ദിവസം മുപ്പതു ലക്ഷം രൂപയുടെ ഡീസൽ ലാഭിക്കണമെന്നാണ് ആദ്യ ഘട്ടത്തിൽ ലക്ഷ്യമിടുന്നത്.<br><br>രാത്രികാലത്ത് ഉൾപ്രദേശങ്ങളിലെ സ്ഥലങ്ങളിലേയ്ക്ക് പോയ ശേഷം യാത്രക്കാരില്ലാതെ തിരിച്ച് ഡിപ്പോയിലേയ്ക്ക് വരുന്ന സർവീസുകളെ സ്റ്റേ സർവീസുകളാക്കി പുനഃക്രമീകരിക്കുന്നതിനും ഇത്തരം രാവിലെയും രാത്രിയിലുമുള്ള നഷ്ടട്രിപ്പുകൾ ഒഴിവാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കിടക്ക, ഫാൻ, വൃത്തിയുള്ള ശൗചാലയം എന്നീ സൗകര്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ റെസിഡൻസ് അസ്സോസിയേഷനുകളോ ക്രമീകരിക്കുകയാണെങ്കിൽ മാത്രം സ്റ്റേ ബസ് അനുവദിക്കുന്നതാണ്.<br><br>നാമമാത്രമായ യാത്രക്കാരോടുകൂടി അപ്രധാനമായി സ്ഥലങ്ങളിലേയ്ക്ക് നടത്തി വരുന്ന ദീർഘദൂര സർവീസുകളിലെ അപ്രധാന ട്രിപ്പുകൾ കെ.എസ്.ആർ.ടി.സി.യ്ക്കും പൊതുജനങ്ങൾക്കും ഗുണകരമായ രീതിയിൽ പ്രധാന കേന്ദ്രങ്ങളിൽ വച്ച് പുനഃക്രമീകരണം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം നഗരപ്രദേശത്ത് ഇലക്ട്രിക് ബസ്സുകളുപയോഗിച്ച് സർവീസുകൾ ആരംഭിച്ചതിലൂടെ ഡീസൽ ചെലവ് ഗണ്യമായി കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ട്. |

ഇപ്രകാരം വ്യാപകമായ നടപടികൾ സ്വീകരിക്കുന്നതിലൂടെ ഡീസൽ, സ്പെയർപാർട്സ്, മറ്റ് ചെലവുകൾ എന്നിവയിൽ ഭീമമായ തുകയുടെ കുറവ് വരുത്തുവാൻ കഴിയുന്നതാണ്.

വൈദ്യുതി, വെള്ളം മുതലായവയ്ക്കുള്ള ചെലവുകൾ പോലും ചുരുക്കാനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

ഇതിനുപുറമെ കൂടുതൽ ബസ്സുകൾ നിരത്തിലിറക്കി ടിക്കറ്റ് വരുമാനം വർദ്ധിപ്പിക്കുന്നതിനോടൊപ്പം ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി നിരവധി നൂതന പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് അനുസരിച്ചുള്ള പുതിയ ഡ്യൂട്ടി സമ്പ്രദായം പൂർണ്ണതോതിൽ നടപ്പിലാക്കുക വഴി കോവിഡിനെ തുടർന്ന് നിർത്തിവെച്ചിരുന്ന നിരവധി സർവ്വീസുകൾ കൂടി പുനരാരംഭിക്കാനും അതുവഴി അധിക വരുമാനം നേടാനും കഴിയുമെന്ന് കരുതുന്നു. കൂടാതെ ടിക്കറ്റിതര വരുമാന വർദ്ധനവിനായി യാത്രാ ഫ്യൂവൽസ്, കൊറിയർ ആന്റ് ലോജിസ്റ്റിക്സ് തുടങ്ങി നിരവധി പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. ഇത്തരത്തിൽ നിരവധി നൂതന പദ്ധതികളിലൂടെ ടിക്കറ്റ് / ടിക്കറ്റിതര വരുമാനം വർദ്ധിപ്പിച്ച് കോർപ്പറേഷന്റെ നഷ്ടം നികത്തി സ്ഥാപനത്തെ സന്തുലിതാവസ്ഥയിൽ എത്തിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കെ.എസ്.ആർ.ടി.സി.യുടെ വരുമാനത്തിന്റെ ഏറിയ പങ്കും സർവ്വീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും, ബസ് സ്റ്റേഷൻ പരസ്യം, ബസിലെ പരസ്യം, മൊബൈൽ ടവർ, Public Information System, ATM Counter-കൾ മുതലായവയിൽ നിന്നും ടിക്കറ്റിതര വരുമാനം ലഭിച്ച് വരുന്നു.

കെ.എസ്.ആർ.ടി.സി.യെ സംരംക്ഷിക്കുന്നതിന്റെ ഭാഗമായി ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിലേക്ക് ബസുകളിൽ പരസ്യം പതിപ്പിക്കൽ, ബസുകൾ വാടകയ്ക്ക് നൽകൽ, കേരളത്തിലെ മറ്റു പൊതുമേഖല സ്ഥാപനങ്ങളുടെ ആവശ്യത്തിനായി ബസുകൾ അനുവദിച്ചു നൽകൽ, യൂണിറ്റുകളിലെ സ്ഥലങ്ങളും, കടമുറികളും കച്ചവട സംബന്ധമായ ആവശ്യങ്ങൾക്ക് വാടകയ്ക്ക് അനുവദിക്കൽ, കോഫി വെൻഡിംഗ് (LR Stall) സ്ഥാപിക്കുന്നതിലേക്കായി സ്ഥലം വാടകയ്ക്ക്

| | | | |
|---|---|---|---|
| | | | അനുവദിക്കൽ, LED display, കൊറിയർ & പാഴ്സൽ, സർവീസ് തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്തു വരുന്നു.<br><br>കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം നികത്തുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.യുടെ മാത്രം ഉപയോഗത്തിനായി സ്ഥാപിച്ചിട്ടുള്ള കൺസ്യൂമർ പമ്പുകളെ പൊതുജനങ്ങൾക്കു കൂടി പ്രയോജനപ്പെടുന്ന രീതിയിൽ യാത്രാഫ്യുവൽ റീട്ടെയിൽ ഔട്ട്ലെറ്റുകളും കൂടാതെ, ല്യൂബ് ഷോപ്പുകളും സ്ഥാപിക്കുന്നതിനുള്ള പദ്ധതിയും തയ്യാറാക്കുകയും ഇതിനകം 14 യാത്രാഫ്യുവൽ റീട്ടെയിൽ ഔട്ട്ലെറ്റുകളും രണ്ട് ല്യൂബ് ഷോപ്പുകളും ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | നഷ്ടത്തിലോടുന്ന സർവ്വീസുകൾ അവസാനിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; പൊതുഗതാഗത സർവ്വീസിനെ ആശ്രയിക്കുന്നവരെ ഇത് എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) | മറ്റ് യാത്രാ സൗകര്യം ഇല്ലാത്തതും ഒറ്റപ്പെട്ടതുമായ സർവീസുകളും ട്രിപ്പുകളും ഒഴികെ യാത്രക്കാർക്കോ കെ.എസ്.ആർ.ടി.സി.ക്കോ ഗുണകരമല്ലാത്തതും മറ്റ് സർവീസുകൾ ഉള്ളതുമായ നഷ്ടത്തിലോടുന്ന സർവ്വീസുകൾ യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന രീതിയിൽ പുനഃക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. നാമമാത്രമായ യാത്രക്കാർ മൂലം ഡീസൽ ചെലവിന് പോലും വരുമാനം ലഭിക്കാത്ത സർവീസുകളാണ് ഇത്തരത്തിൽ പ്രധാന റൂട്ടുകളിലേയ്ക്ക് പുനഃക്രമീകരിക്കുന്നത് എന്നതിനാൽ യാത്രക്കാരെ ബാധിക്കുമെന്ന് കരുതുന്നില്ല. |
| (സി) | ചെലവ് കുറയ്ക്കാനും വരുമാന ചോർച്ചയുണ്ടാകാതിരിക്കാനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) | വരവ് ചെലവ് കണക്കുകളിൽ കൃത്യത ഉറപ്പ് വരുത്തുന്നതിന് വേണ്ടി കണക്കുകൾ ഡിജിറ്റൽ ആക്കാൻ നടപടി സ്വീകരിച്ചു വരുന്നു. വരവ് ചെലവ് കണക്കുകളിൽ എല്ലാ ഡിപ്പോകളിലും സൂക്ഷ്മ പരിശോധന ഉണ്ടാകും.<br><br>ചെലവ് കുറയ്ക്കാനും വരുമാന ചോർച്ചയുണ്ടാകാതിരിക്കാനും നിലവിലെ മെയിന്റനൻസ് സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിച്ച് ബസ്സുകളുടെ ഫ്ലീറ്റ് യൂട്ടിലൈസേഷൻ വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ താഴെ പ്രതിപാദിക്കുന്ന ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.<br><br>(i) ബസ്സുകളുടെ ബ്രേക്ക്ഡൗൺ, ആക്സിഡന്റ് എന്നിവ കുറയ്ക്കുന്നതിനും എഞ്ചിനടക്കമുള്ള വാഹന ഘടകങ്ങളുടെ പരമാവധി ആയുസ് ലഭ്യമാക്കുന്നതിനും, ഓഫ് റോഡ് കുറയ്ക്കുന്നിതിനുമായി എഞ്ചിൻ ഉൾപെടെയുള്ള ഘടകങ്ങളുടെ ലൈഫ് കണക്കാക്കി മാറ്റുന്നതിലേയ്ക്കാവശ്യമായ ഫ്ലോട്ട് യൂണിറ്റുകൾ സജ്ജീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്ന് വരുന്നു. |

(ii) പ്രൊഡക്ഷൻ സെന്ററുകളിൽ (സെൻട്രൽ / റീജിയണൽ വർക്ക്ഷോപ്പുകൾ) ബസ്സുകളുടെ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ യൂണിറ്റുകൾ റീകണ്ടീഷൻ ചെയ്യുന്നതിനുള്ള ക്രമീകരണം വർക്ക്ഷോപ്പുകളിൽ ഏർപ്പെടുത്തി വരുന്നു.

ഇ-ഓഫീസ്

കെ.എസ്.ആർ.ടി.സി.യുടെ എല്ലാ ഓഫീസുകളുടെയും ഫയൽ ജോലികൾ ഇ-ഓഫീസ് മുഖാന്തരം ഡിജിറ്റൽ ആക്കുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിച്ചു. ഇത് മൂലം സ്റ്റേഷനറി വിഭാഗത്തിലുള്ള ചെലവുകൾ ഗണ്യമായി കുറക്കാൻ സാധിക്കുന്നു. ആദ്യഘട്ടത്തിൽ ചീഫ് ഓഫീസിലുള്ള എല്ലാ വിഭാഗങ്ങളിലും നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

ഇ.റ്റി.എം.

കെ.എസ്.ആർ.ടി.സി.യിലെ ബസ് സർവീസുകളിൽ ടിക്കറ്റിങ്ങിനായി ആധുനിക സംവിധാനമുള്ള ഇലക്ട്രോണിക്ക് ടിക്കറ്റ് മെഷീനുകൾ എല്ലാ യൂണിറ്റുകളിലും നടപ്പിലാക്കി കഴിഞ്ഞു.

ഇ.ആർ.പി.

കെ.എസ്.ആർ.ടി.സി.യിലെ എല്ലാ വരവ്-ചെലവ് കണക്കുകൾ കൃത്യമായ രീതിയിൽ മോണിറ്ററിംഗ് ചെയ്യുന്നതിന് വേണ്ടി ഇ.ആർ.പി. സോഫ്റ്റ് വെയർ സംവിധാനം നടപ്പിലാക്കി വരുന്നു. ടി സോഫ്റ്റ് വെയർ പൂർണമായും നടപ്പിലാക്കുന്നതിനോടൊപ്പം കെ.എസ്.ആർ.ടി.സി.യിലെ ഓരോ വിഭാഗത്തിലേയും വരവ്-ചെലവ് കണക്കുകൾ പരിശോധിക്കുന്നതിനും, നടപടികൾ സ്വീകരിക്കുന്നതിനു സഹായകമാകുന്നു.

ഫ്ളീറ്റ് മാനേജ്മെന്റ് & ഇൻവെന്ററി മാനേജ്മെന്റ് സിസ്റ്റം

കെ.എസ്.ആർ.ടി.സി.യുടെ സ്പെയർ പാർട്സുകൾ കൂടുതൽ കേന്ദ്രീകൃതമായി വാങ്ങുന്നതിനും ഓരോ സ്പെയർ പാർട്സുകളുടെയും പ്രതിദിന നിജസ്ഥിതി കൃത്യമായി അറിയുന്നതിനും വേണ്ടി എല്ലാ യൂണിറ്റുകളിലും ഫ്ളീറ്റ് മെയിന്റനൻസ് & ഇൻവെന്ററി സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിന് വേണ്ടി ഉള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. അനാവശ്യമായ പർച്ചേസുകളിലൂടെ കടം വർദ്ധിക്കുന്നത് ഒഴിവാക്കുന്നതിന് ലോക്കൽ പർച്ചേസ് മിനിമൈസ് ചെയ്യാനും ത്രൈമാസ ഇൻവെന്ററി

| | | | |
|---|---|---|---|
| | | | സിസ്റ്റം നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ